"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ട് - 2020-21 സാമ്പത്തിക വർഷത്തിൽ രണ്ടാംഗഡു ഇനത്തിൽ അനുവദിച്ചതും 31/03/2021 ന് ട്രഷറിയിൽ നിന്നും പിൻവലിക്കാൻ കഴിയാതിരുന്നതുമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ (2021-22) ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ.(സാധാ) നം.1373/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/07/2021

പരാമർശം:- 1. സ.ഉ.(സാധാ) നം.839/2021/തസ്വഭവ തീയതി 31/03/2021

2. ഗ്രാമ വികസന കമ്മീഷണറുടെ 28/04/2021-ലെ 13005/ഡി.പി.1/19/സി.ആർ. ഡി നമ്പർ കത്ത്

ഉത്തരവ്

ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ രണ്ടാംഗഡു കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവുമായി ആകെ 4,22,80,000/- രൂപാ ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രകാരം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| Scheme | Head of account | Amount |
|---|---|---|
| DRDA Administrative Cost (60% CSS) Central Share | 2501-01-196-48-01 (CS) | ₹ 2,53,68,000/- |
| DRDA Administrative Cost (40% CSS) State Share | 2501-01-196-48-02 (SS) | ₹ 1,69,12,000/- |
| | Total | ₹ 4,22,80,000/- |

2) എന്നാൽ ടി ഉത്തരവ് 31/03/2021 തീയതിയിൽ 7.00 PM ന് ശേഷമാണ് ഗ്രാമ വികസന കമ്മീഷണറേറ്റിൽ ലഭ്യമായിട്ടുള്ളതെന്നും അന്നേ ദിവസം ഉച്ച മുതൽ BIMS/ BAMS സോഫ്റ്റ് വെയറുകൾ പ്രവർത്തനക്ഷമമല്ലാതിരുന്നതിനാൽ ടി തുക ട്രഷറിയിൽ നിന്നും മാറാൻ സാധിച്ചില്ലെന്നും ഡി.ആർ.ഡി.എ. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ നിന്നുമാണ് നൽകുന്നതെന്നും ഫണ്ടിന്റെ അപര്യാപ്തത ഉണ്ടാകാതിരിക്കാൻ ടി തുക 2021-22 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ നിന്ന് റീ-വാലിഡേഷൻ മുഖേന അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡി. ആർ.ഡി. എ അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ രണ്ടാംഗഡു ഇനത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചതും 31.03.2021-ന് ട്രഷറിയിൽ നിന്നും പിൻവലിക്കുവാൻ കഴിയാതിരുന്നതുമായ 4,22,80,000/- രൂപ(നാല്പ കോടി ഇരുപത്തിരണ്ട ലക്ഷത്തിഎൺപതിനായിരം രൂപ) പ്രസ്തുത തുക യഥാസമയം പിൻവലിക്കാൻ കഴിയാതിരുന്നതിന് ഗ്രാമവികസന കമ്മീഷണർ ചൂണ്ടിക്കാണിച്ച കാരണങ്ങൾ കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ (2021-22) ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

To

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള,തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (G&SSA/E&RSA), കേരള,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (Vide U.O. No.Dev-2/97/2021-Fin dated 22/6/2021)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ